## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*172 — 16.02.2016 ൽ മറുപടിയ്ക്ക്

### വിലസ്ഥിരതാ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ. ജയചന്ദ്രൻ :<br>ഡോ.ടി.എം.തോമസ് ഐസക് :<br>ശ്രീ. സാജു പോൾ :<br>ശ്രീ. ജെയിംസ് മാത്യു : | ശ്രീ. ഉമ്മൻ ചാണ്ടി<br>( ബഹു. മുഖ്യ മന്ത്രി) |
| (എ) റബർ പ്രതിസന്ധി പരിഹരിക്കാൻ പ്രഖ്യാപിച്ച വിലസ്ഥിരതാ പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നു; അത് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (ബി) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ 03.07.2015 ലെ സ.ഉ(പി) നം.269/2015/ധന പ്രകാരം 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി വരികയാണ്. റബ്ബർ ഉല്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കിയതിലൂടെ റബ്ബറിന്റെ വിലത്തകർച്ചമൂലം കർഷകർ റബ്ബർ കൃഷി ഉപേക്ഷിക്കുന്ന പ്രവണത തടയാൻ കഴിഞ്ഞിട്ടുണ്ട്. |

(സി) പദ്ധതി പ്രകാരം അപേക്ഷ നൽകിയവർക്കെല്ലാം ആനുകൂല്യം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നീക്കിവച്ച തുക എത്രയായിരുന്നു; അതിൽ നാളിതുവരെ എന്തു തുക ചെലവഴിക്കപ്പെട്ടുവെന്ന കണക്ക് ലഭ്യമാക്കുമോ ?

(സി) & (ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ 3,46,485 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കർഷകർ സമർപ്പിക്കുന്ന സെയിൽസ് ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്കാണ് സബ്സിഡി വിതരണം ചെയ്യുന്നത്. ആയത് പ്രകാരം 10.02.2016 വരെ 3,94,038 സെയിൽസ് ബില്ലുകളിലായി 97.54 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ